Mr. Parambi Lonappen *(Minister for Rural Development)* :

8 (during the hottest part of the year).

POLICE STATON—KODAKARA

൫൦൩. മിസ്റ്റർ പി. കെ. പോൾ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊടകര ക്കട്ടത്ത് എവിടെയെല്ലാം പോലീസ്സ്റ്റേഷനുണ്ട് ;

(ബി) കൊടകരനിന്ന ടി സ്ഥലങ്ങളിലേക്ക് എത്ര ദൂരമുണ്ട് ;

(സി) ഒരു പോലീസ്സ്റ്റേഷൻ ഇല്ലാത്തതിനാൽ ക്രിമിനൽകേസ്സുകളും പട്ടമ്പികളുടെ ശല്യങ്ങളും വല്ലാതിരിക്കുന്നതായി ഗവൺമെണ്ടിന്നറിയാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ :

(എ) അടുത്ത പോലീസ്സ്റ്റേഷൻ ചാലക്കുടി പോലീസ്സ്റ്റേഷനാകുന്നു.

(ബി) ൭ മൈൽ, ൩ ഫർലോങ്ങ്.

(സി) വല്ലാതിരിക്കുന്നതായി പറയുവാൻ പാടില്ല. കേസ്സുകൾ ആ പ്രദേശത്തുനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

ONE PULAYA—ILL-TREATMENT OF BY THE POLICE

൫൦൪. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന സദയം മറുപടി പറയുമോ —

(എ) ഞാറക്കൽ വില്ലേജ് മഞ്ഞനക്കാട് ദേശത്തു മരങ്ങാട്ടുതറ കൊച്ചോൽകുഞ്ഞി എന്ന പുലയനെ ക ക വ ക ചിങ്ങം ന ക-ാംനു- ഞാറക്കൽ പോലീസ് സബ്ബ് ഇൻസ്പെക്ടറും ഹെഡ്കോൺസ്റ്റബിളും രണ്ട പോലീസ്കാരുംകൂടി ദേഹോപദ്രവമേല്പിച്ചു വിട്ടയച്ചതിനെക്കുറിച്ചു വല്ല പരാതിയും പോലീസധികൃതന്മാർക്ക ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പരാതിയെക്കുറിച്ചു അന്വേഷണം നടത്തിയോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ :

(എ) ഉവ്വ്.

(ബി) ഉവ്വ്, ടി കുഞ്ഞിയും ചാത്തൻ എന്ന പേരായ വേറൊരാളുംകൂടി തലയെട്ടിക്കുളയും എന്നും മാറും പറഞ്ഞു തന്നെ ഭീഷണിപ്പെടുത്തിയെന്ന കാണിച്ചു പനമറ്റത്തു വാസുദേവൻ എന്നൊരാൾ കൊച്ചി മജിസ്ട്രേട്ടിന്ന ഒരു ഹരജി കൊടുത്തിരുന്നു. പോലീസന്വേഷണത്തിൽ ഹരജിയിലെ ആക്ഷേപങ്ങൾ ശരിയാണെന്ന കാണുകയാൽ ടി കുഞ്ഞിയെ പോലീസ്സ്റ്റേഷനിൽ വിളിച്ചുവരുത്തി മേലിൽ ഇപ്രകാരം ഒരാക്ഷേപത്തിന്ന ഇടവരുത്തരുതെന്ന താക്കീതു നൽകുകയുണ്ടായി. പോലീസുകാർ സ്റ്റേഷനിൽ വെച്ചു ടിയാനെ ദേഹോപദ്രവമേല്പിച്ചതായി അന്വേഷണത്തിൽ തെളിഞ്ഞില്ല.

RAW MATERIALS FOR THE CHERPU CENTRE DELAY IN SUPPLY OF

505. Mr. V. R. Krishnan Ezhuthassan *(Oorakam)*: Will Government be pleased to state.—

whether there is usually great delay in the supply of raw materials required for the various industrial activities of the Industrial Centre Cherpu ?

Mr. Parambi Lonappen *(Minister for Rural Development)*:

Usually there is no great delay; but when certain materials are not locally available there has been delay in procuring them which is unavoidable in the circumstances of a controlled economy. Certain sections have been finding it difficult to get the required materials for want of permits, etc., from British Indian Controllers. This has been the case with certain chemicals, etc., as a result of which, the dyeing section could not work. There has been some delay in getting certain fibres for the brush section because of export restrictions.

ASSISTANT DIRECTOR OF INDUSTRIES

506. Mr. V. R. Krishnan Ezhuthassan *(Oorakam)*: Will Government be pleased to state.—

(*a*) the date on which the post of the Assistant Director of Industries and Commerce was created and the special circumstances under which it was done;

LIBRARY ARCHIVES Kerala Legislative Assembly

(*b*) the duties that were allotted to the officer-in-charge of the post;
(*c*) the duties, if any, that were since taken away from him and the reasons for the same;
(*d*) the date on which and the reason why the post was ordered to be abolished?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) 4th February 1943. The Director of Industries and Commerce had heavy work on account of the additional duties entrusted to him on account of war. He could not, therefore, find sufficient time to look to the development of cottage industries. An Assistant Director of Industries was, therefore, appointed temporarily for the duration of the war to specially look after the development of cottage industries.

(*b*) His main duty was to look after the development of cottage industries in the State. He was also appointed to be in immediate charge of the Cherpu Centre, when it was converted into an Industrial Centre from 1st Chingam 1119.

(*c*) He was subsequently relieved of his immediate charge of the Industrial Centre and transferred to the Office of the Director of Industries and Commerce, as it was found that his immediate presence at the Cherpu Centre was not necessary.

(*d*) 8th October 1945. The post was abolished as it was created only as a temporary war-time measure and Government being satisfied that the work of the Assistant Director of Industries can very well be carried out by the Director of Industries and Commerce himself in view of the fact that his (D. I. C.'s) volume of work has been considerably reduced by the appointment of a separate officer as Labour Commissioner, Assistant Textile Commissioner and also on account of the cessation of hostilities.

ALL INDIA VILLAGE INDUSTRIES ASSOCIATION

507. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

(*a*) are the Government aware of the fact that important experiments and researches are being carried on at Wardha by the All India Village Industries Association for the revival and rehabilitation of village industries;

(*b*) have they considered about the advisability of getting some hands trained by that institution with a view to utilise their services later on in the State?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) Yes.
(*b*) No.

ANCHAL OFFICE—CHALAKKUDI

508. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ചാലക്കുടി അഞ്ചലാപ്പീസ്സ് ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നു വ്യാപാരകേന്ദ്രമായ അങ്ങാടിയിലേക്ക് മാറ്റി സ്ഥാപിക്കുവാൻ വേണ്ടിയുള്ള ആവലാതികൾ പലേ അവസരങ്ങളിലായി ഗവൺമെണ്ടിലേക്ക് ലഭിച്ചിട്ടില്ലേ;

(ബി) ഒരു കേന്ദ്രസ്ഥാപനമായ ചന്തക്ക് സമീപമുള്ള അങ്ങാടിയിലേക്ക് മാറ്റി സ്ഥാപിക്കാതിരിപ്പാനുള്ള കാരണങ്ങൾ വല്ലതുമുണ്ടെങ്കിൽ ദയവായി പറയുമോ;

(സി) ചന്തക്ക് സമീപം അഞ്ചലാപ്പീസ്സ് മാറ്റുന്നതുകൊണ്ട് ചാലക്കുടി റെയിൽവേ സ്റ്റേഷനിലേക്കും പരിയാരം അഞ്ചലാപ്പീസ്സിലേക്കും മെയിൽ കൊണ്ടുപോകുവാൻ കൂടുതൽ സൌകര്യവുംകൂടി ലഭിക്കുവാൻ ഇടയില്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) റിക്കാർഡ്കൾ പരിശോധിച്ചതിൽ മുമ്പ് ചാലക്കുടി അഞ്ചലാപ്പീസ്സ് അങ്ങാടിയിലേക്ക് മാറ്റുന്നതിനു ആവലാതികൾ ഉണ്ടായിട്ടുള്ളതായി രേഖകൾ ഒന്നും കാണുന്നില്ല.

(ബി) ചാലക്കുടി അഞ്ചലാപ്പീസ്സ് ഇപ്പോൾ സ്ഥിതിചെയ്യുന്നതു് ചാലക്കുടി അഞ്ചലാപ്പീസ്സിന്റെ അതൃത്തിയിലുള്ള ദേശങ്ങളുടെ മദ്ധ്യത്തിലാണു്. ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും മാറ്റിയാൽ മുരിങ്ങൂർ, അന്നനാട്, കറുകുറ്റി, പടിഞ്ഞാറെ ചാലക്കുടി എന്നീ സ്ഥലങ്ങളിലുള്ള നിവാസികൾക്ക് കൂടുതൽ ബുദ്ധിമുട്ടിനു ഇടയുണ്ടു്. ചാലക്കുടി അഞ്ചലാപ്പീസ്സ് ഇപ്പോൾ സ്ഥിതിചെയ്യുന്നതു ഗവൺമെണ്ടുവക കെട്ടിടത്തിലാണു്. ചന്തയുടെ അടുത്തു് അഞ്ചലാപ്പീസ്സു ഉപയോഗത്തിനു പറ്റിയതായ ഗവൺമെണ്ടു കെട്ടിടങ്ങൾ യാതൊന്നുംതന്നെയില്ലെന്നു മാത്രമല്ല വാടകക്കുതന്നെ പറ്റിയതായ ഒരു സ്ഥലവും ഇല്ല. അതു

LIBRARY ARCHIVES Kerala Legislative Assembly